●റിപ്പോർട്ട്/വിശകലനം

# അതിരപ്പിള്ളിയും ടൂറിസം മേളയും

## ടി.എസ്. മണിലാൽ

**ഈ** വരുന്ന ഓണക്കാലത്ത് അതിരപ്പിള്ളി വിനോദസഞ്ചാര കേന്ദ്രത്തിൽവെച്ച് 4 ദിവസം നീണ്ടു നിൽക്കുന്ന ഒരു ടൂറിസം മേള നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ (ഡി.ടി.പി.സി.), ചാലക്കുടി ബ്ലോക്കു പഞ്ചായത്ത്, അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത്, വനം വകുപ്പ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണത്രെ 20 ലക്ഷം രൂപ ചെലവു പ്രതീക്ഷിക്കുന്ന ഈ മേള സംഘടിപ്പിക്കുന്നത്. ഈ മേളയെ ചുമക്കാനുള്ള ശേഷി അതിരപ്പിള്ളി വിനോദ സഞ്ചാര കേന്ദ്രത്തിനുണ്ടോ എന്ന് പരിശോധിക്കേണ്ടതുണ്ട്.

കുറെ കോളനികളുടെ ആകെതുകയാണ് അതിരപ്പിള്ളി പഞ്ചായത്ത്. എക്സ് സർവ്വീസ് മെൻ കോളനി, കണ്ണങ്കുഴി പട്ടികജാതി കോളനി 14 ആദിവാസി കോളനികൾ, ടാറ്റ തേയിലത്തോട്ടത്തിലെ തൊഴിലാളികളുടെ ഹൗസിംഗ് കോളനികൾ, പുറംപോക്കിൽനിന്ന് പുനരധിവസിപ്പിക്കപ്പെട്ടവരുടെ കോളനികൾ, പുളിയിലപ്പാറയിലെ വനഭൂമി കൈവശക്കാരുടെ കോളനി, ഇതെല്ലാം കൂടുന്നതാണ് അതിരപ്പിള്ളിയിലെ മനുഷ്യാധിവാസ കേന്ദ്രങ്ങൾ 400 ചതുരശ്ര കിലോമീറ്റർ പരിധിയിൽ 6.5 കിലോമീറ്റർ നീളത്തിൽ രണ്ട് വ്യത്യസ്ത സംസ്ഥാന ഭാഷകളും നിരവധി ഗോത്ര ഭാഷകളും സംസാരിക്കുന്ന വൈവിദ്ധ്യമാർന്ന സംസ്കാര പാരമ്പര്യമുള്ള 10000 ജനങ്ങളാണിവിടെയുള്ളത്. മനുഷ്യവാസമുള്ള പ്രദേശങ്ങൾ അങ്ങിങ്ങായി ചിന്നിച്ചിതറികിടക്കുന്നു. ബാക്കി ഭാഗം വനവും തേയില, എണ്ണപ്പന കാപ്പി തോട്ടങ്ങളുമാണ്. റോഡ്, വൈദ്യുതി, ശുദ്ധജല ലഭ്യത പൂർണ്ണമല്ല-ചികിത്സാ സൗകര്യം വളരെ പരിമിതമാണ്. ഹോട്ടൽ, ലോഡ്ജ് സൗകര്യങ്ങൾ പരിമിതവും ചെലവേറിയതുമാണ് സർവ്വോപരി പ്രാഥമികാവശ്യങ്ങൾക്കുള്ള സാനിറ്ററി സൗകര്യങ്ങൾ ഒട്ടുമില്ല


കഴിഞ്ഞ 2002-2003 കാലയളവിൽ വാഴച്ചാൽ അതിരപ്പിള്ളി പ്രദേശത്ത് 283 പേരാണ് ടൈഫോയ്ഡ് രോഗ ബാധിതരായി സർക്കാർ ആസ്പത്രികളിൽ ചികിത്സക്കെത്തിയത്. സ്വകാര്യ ആസ്പത്രികളിലും സംസ്ഥാനത്തിന്റെ മറ്റു ഭാഗങ്ങളിലും പോയി ചികിത്സിച്ചവർ നിരവധി ഉണ്ടെങ്കിലും കണക്കുകൾ ലഭ്യമല്ല. ആരോഗ്യ വകുപ്പ് നടത്തിയ ഒരു പരിശോധനയിൽ മനുഷ്യ വിസർജ്യത്തിൽ നിന്നുണ്ടാകുന്ന കോളിഫോം ബാക്ടീരിയയുടെ എണ്ണം 1800 വരെ ഈ പ്രദേശത്തെ പുഴയിലെയും തോട്ടിലെയും വെള്ളത്തിൽ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. കുടിവെള്ളത്തിൽ ഇത് 'പൂജ്യം' ആയിരിക്കേണ്ടതാണ്. നൂറിനു മീതെ വരുന്നത് അപകടമാണത്രെ. ടൈഫോയ്ഡ് രോഗത്തിന് കാരണം ഈ അണുക്കളുടെ വർദ്ധനവാണെന്നാണ് ആരോഗ്യവിദഗ്ധർ പറയുന്നത്.

അതിരപ്പിള്ളി പഞ്ചായത്തിലെ ഭൂപ്രദേശങ്ങളെല്ലാം പുഴയിലേക്ക് ചെരിഞ്ഞു കിടക്കുന്നവയാണ്. സാനിറ്ററി കക്കൂസുകളുടെ അപര്യാപ്തത തുറന്ന സ്ഥലങ്ങളിലെ മലമൂത്ര വിസർജനം, ടൂറിസ്റ്റു കേന്ദ്രങ്ങളിൽ വേണ്ടത്ര ടോയ്ലറ്റു സൗകര്യങ്ങളില്ലായ്മ തുടങ്ങി നിരവധി കാരണങ്ങൾ ജലമലിനീകരണത്തിനിടയാക്കുന്നുണ്ട്. പുഴയെ ഈവക ആവശ്യങ്ങൾക്ക് വലിയൊരളവിൽ ടൂറിസ്റ്റുകളും അല്ലാത്തവരും ഉപയോഗപ്പെടുത്തുന്നു. വളരെ പര്യാപ്തമായ കുടിവെള്ള ശുദ്ധീകരണ പ്രവർത്തനങ്ങളാണ് വാട്ടർ അതോറിറ്റിയുടെയും പഞ്ചായത്തിന്റെയും കുടിവെള്ള പദ്ധതികൾക്കുള്ളത്. വൈദ്യുതി വിതരണം പരിമിതമായ തോതിലേ വ്യാപിച്ചിട്ടുള്ളൂ. റോഡുകൾ കേടുവന്നതും വളഞ്ഞു തിരിഞ്ഞതും കയറ്റിറക്കമായിട്ടുള്ളതാണ്. സാധാരണക്കാരന് മിതമായ നിരക്കിൽ ഭക്ഷണവും താമസ സൗകര്യവും ലഭ്യമല്ല-നാലോ അഞ്ചോ റിസോർട്ടുകളുള്ളത് സമ്പന്നർക്കു മാത്രം കയ്യെത്തുന്നതാണ്. പൊതു ശുദ്ധജലടാപ്പുകൾ വളരെ കുറവാണ്. പാർക്കിംഗിനും കച്ചവടത്തിനും വേണ്ട നിരപ്പായ സ്ഥലം ദുർലഭമാണ്. വനംവകുപ്പിന്റെ അധീനതയിലുള്ള ഭൂമിയിൽ ക്ഷതമേൽപ്പിക്കുന്ന ഒരു പ്രവർത്തനവും അനുവദിക്കില്ല-ചിക്ലായ് 10/6 എന്ന സ്ഥലം മുതൽ കണ്ണങ്കുഴി വരെ 18 കിലോമീറ്ററോളം പുഴയോരം പ്ലാന്റേഷൻ കോർപ്പറേഷന്റെ എണ്ണപ്പനത്തോട്ടവും വാനില കൃഷിയും കമ്പിവേലികെട്ടി ഭദ്രമാക്കിയിരിക്കുകയാണ്. അവിടേക്ക് ആരെയും പ്രവേശിപ്പിക്കില്ല. ശേഷിക്കുന്നത് എക്സർവ്വീസ്മെൻ കോളനിയുടെ റോഡരികിലുള്ള സ്വകാര്യ ഭൂമിയും കണ്ണങ്കുഴി പട്ടികജാതി കോളനിയിലെ സ്വകാര്യഭൂമിയമണ്. റവന്യൂ ഡിപ്പാർട്ടുമെന്റന്റേയും അതിരപ്പിള്ളി പഞ്ചായത്തിന്റേയും കൈവശമുള്ള ഭൂമികൾ നിരപ്പില്ലാത്തതും വനം കയറിക്കിടക്കുന്നതുമാണ്. ടൂറിസം മേളയോടനുബന്ധിച്ച് അതിരപ്പിള്ളിയിലെത്തുന്ന കുറഞ്ഞത് ഒരു ലക്ഷത്തിൽപ്പരം പേർ, അവർവരുന്ന വാഹനങ്ങൾക്ക് പാർക്കിംഗ്, ഇവരെ ഉദ്ദേശിച്ചുള്ള കച്ചവടസ്ഥാപനങ്ങൾ, ഇവർക്കു വേണ്ട പ്രാഥമിക സൗകര്യങ്ങൾ, താമസസൗകര്യങ്ങൾ, സേവനസൗകര്യങ്ങൾ ഇവയൊക്കെ എങ്ങിനെ സജ്ജീകരിക്കും എന്ന് എത്ര ചിന്തിച്ചിട്ടും പിടി കിട്ടുന്നില്ല. ഓണത്തോടനുബന്ധിച്ച് സാധാരണയായി വന്നെത്തുന്ന സന്ദർശകർക്ക് പരിമിതമായ സൗകര്യങ്ങൾപോലും ലഭ്യമാക്കാൻ കഴിയാത്ത അവസ്ഥയിൽ വളരെ ഗുരുതരമായ പ്രത്യാഘാതമായിരിക്കും മേളയുമായി ബന്ധപ്പെട്ട് ഉണ്ടാവുക.

അതിരപ്പിള്ളി-വാഴച്ചാൽ വനമേഖലയിൽ വനസംരക്ഷണത്തിനായി തദ്ദേശീയർ ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. വനം വകുപ്പും നാട്ടുകാരും ആദിവാസികളും സഹകരിച്ച് ടൂറിസ്റ്റുകൾ വനത്തിലേൽപ്പിക്കുന്ന ആഘാതം ലഘൂകരിക്കുന്നതിന് നിരവധി പ്രശംസനീയമായ പ്രവർത്തനങ്ങൾ കഴിഞ്ഞ മൂന്ന് വർഷമായി ചെയ്തുവരുന്നുണ്ട്. അവശേഷിക്കുന്ന പരിമിതമായ ജൈവ കലവറകളിൽ ഒന്നാണ് വാഴച്ചാൽ ഡിവിഷണിലെ നിബിഡ വനങ്ങൾ. ഈ വനങ്ങളാണ് ചാലക്കുടിപുഴക്ക് ജീവനേകുന്നത്. ഈ

*(തുടർച്ച പേജ് 45)*

വന മേഖലയിൽ റോഡിനോട് ചേർന്ന ഭാഗത്ത് ടൂറിസ്റ്റുകൾ ഏൽപ്പിക്കുന്ന ആഘാതം വളരെ ഗുരുതരമാണ്. കാട്ടുതീ, ചെറുവൃക്ഷങ്ങളുടെയും അടിക്കാടുകളുടെയും നാശം, മണ്ണൊലിപ്പ് തുടങ്ങിയ പ്രശ്നങ്ങൾ ഇവിടെ സാധാരണയാണ്. അതോടൊപ്പം വലിച്ചെറിയപ്പെടുന്ന മാലിന്യങ്ങൾ. പ്ലാസ്റ്റിക്ക് മാലിന്യങ്ങളും കുപ്പികളും, ഭക്ഷ്യാവശിഷ്ടങ്ങളും എല്ലാം ഇതിൽ പെടും. ഇതെല്ലാം പുഴയെയും മലിനമാക്കും. വനസംരക്ഷണ സമിതിയും വളണ്ടിയർമാരും കാട്ടു തീ തടയുന്നതിനും, നശിക്കുന്ന സസ്യങ്ങൾക്കു പകരം പുതിയവ നട്ടു വളർത്തുന്നതിനും, മാലിന്യങ്ങൾ യഥാസമയം നീക്കം ചെയ്യുന്നതിനും ബണ്ടുകൾ, ജൈവ വേലികൾ, മുതലായവ നിർമ്മിച്ച് മണ്ണൊലിപ്പ് തടയുന്നതിനും നിരന്തരം പ്രയത്നിച്ചുകൊണ്ടിരിക്കുകയാണ്. വർഷത്തിൽ 20 പേർ ശരാശരി അപകടത്തിൽപ്പെട്ട് മരിച്ചിരുന്ന ഈ പ്രദേശത്ത് ഇത്തരം സംഭവങ്ങൾ കുറച്ചു കൊണ്ടുവരാനും 2002-03 വർഷത്തിൽ ഒരു അപകട മരണം പോലും നടക്കാത്ത സ്ഥിതിയിലെത്തിക്കാനും വനം സംരക്ഷണസമിതി വളണ്ടിയർമാരും വനം വകുപ്പും ടൂറിസം പോലീസും സംയുക്തമായി ശ്രമിച്ചതിന്റെ ഫലമായി സാധിച്ചിട്ടുണ്ട്. കഴിഞ്ഞ മൂന്നു വർഷമായി കാട്ടുതീ ഈ മേഖലയിൽ ഉണ്ടായിട്ടില്ല. പുഴയിലെ മലമൂത്ര വിസർജ്ജനവും ഭക്ഷ്യാവശിഷ്ടങ്ങൾ നിക്ഷേപിക്കലും ഗണ്യമായി കുറഞ്ഞിട്ടുണ്ട്. അതിരപ്പിള്ളി, വാഴച്ചാൽ ടൂറിസം മേഖല പ്ലാസ്റ്റിക്ക് മുക്ത മേഖലയാക്കാൻ വലിയൊരളവുവരെ കഴിഞ്ഞിട്ടുണ്ട്. ഇത്തരം വികസന പ്രവർത്തനങ്ങൾക്ക് കടുത്ത തിരിച്ചടിയാകാൻ ടൂറിസം മേള വഴിയൊരുക്കും എന്നതിൽ തർക്കമില്ല. അതിരപ്പിള്ളിയുടെ പരിമിതികൾ മനസ്സിലാക്കാതെ ജനങ്ങൾ ഇങ്ങോട്ട് ഒഴുകിയെത്തുന്ന സ്ഥിതി വന്നാൽ അതിരപ്പിള്ളിയിലെ ജനജീവിതം താറുമാറാകും. പുഴയും വനവും മാലിന്യക്കൂമ്പാരങ്ങളാകും. നാട്ടുകാരുടെ വസ്തു വകകളിൽ നാശങ്ങൾ ഉണ്ടാകും. അനാശാസ്യ പ്രവർത്തനങ്ങൾ പെരുകാനും അതിന്റെ അനന്തര ഫലങ്ങൾ ഉണ്ടാകാനുമിടയുണ്ട്. വാഴച്ചാൽ മുതൽ പുത്തൻവേലിക്കര വരെയുള്ള നിരവധി പഞ്ചായത്തുകളിലെയും ചാലക്കുടി, കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റികളിലെയും കുടിവെള്ളം ആപൽക്കരമാംവിധം മലിനമാകും.



ശക്തിയേറിയ വൈദ്യുതദീപങ്ങൾ ജലപാതത്തിന് അഭിമുഖമായി സ്ഥാപിച്ച് രാത്രിയിലും വെള്ളച്ചാട്ടത്തിന് മനോഹാരിത ആസ്വദിക്കാൻ സന്ദർശകർക്ക് സൗകര്യം ഒരുക്കുകയും ഇലക്ട്രോണിക് മാധ്യമങ്ങൾ അടക്കമുള്ള വാർത്താ മാധ്യമങ്ങളിൽ ലഭിക്കാൻ ഇടയുള്ള പ്രചാരണം ഉപയോഗപ്പെടുത്തി വിദേശീയരടക്കമുള്ള വിനോദസഞ്ചാരികളെ അതിരപ്പിള്ളിയിലേക്ക് ആകർഷിക്കുക എന്ന ലക്ഷ്യമാണത്രേ സംഘാടകർക്കുള്ളത്.

അതിരപ്പിള്ളിയെന്ന ഗ്രാമീണ കന്യക അതീവ സുന്ദരിയാണ്. അചുംബിതയാണ്. അവളുടെ അഴകളവ് അനുദിനം ആകർഷകമാകുന്നുണ്ട്. പക്ഷേ അവൾ കൗമാരം പിന്നിടാത്ത പ്രായപൂർത്തിയാവാത്ത, സാമ്പത്തികമായി ദരിദ്രയായ നാടൻ പെൺകുട്ടിയാണ്. അടിസ്ഥാനപരമായ നിരവധി ഇല്ലായ്മകളാൽ അവൾ വീർപ്പുമുട്ടുകയാണ്. അവളെ വേൾക്കാൻ കാമുകരെത്തുംമുൻപ് പല പോരായ്മകളും പരിഹരിക്കേണ്ടതുണ്ട്. ഇല്ലെങ്കിൽ ദാഹാർത്തരായ കാമുകർ അവളെ പിച്ചിച്ചീന്തിയേക്കും.

ഓരോ നാമ്പിനും പുൽക്കൊടിക്കും മൺതരിക്കും പോറലേൽക്കാത്ത പാരിസ്ഥിതിക സാഹോദര്യം പുലർത്തുന്ന ഒരു ടൂറിസം സംവിധാനം ഏർപ്പെടുത്തുക മാത്രമാണ് അതിരപ്പിള്ളിയിലെ വെള്ളവും വനവും ജൈവസമ്പത്തും നിലനിർത്തുവാനും സംരക്ഷിക്കാനും ചെയ്യേണ്ടതുണ്ട്.

*അതിരപ്പിള്ളി, വെറ്റിലപ്പാറ, പി.ഒ.-680 721*


## മഴപ്പതിപ്പ് – സൃഷ്ടികൾ ക്ഷണിക്കുന്നു

മഴയുടെ നാട്ടറിവുകൾ, മഴക്കാല ഓർമ്മകൾ, മഴയനുഭവം, മഴയും കൃഷിയും, മഴയും ഭക്ഷണവും, മഴയും സാഹിത്യവും, മഴക്കളികൾ, മഴ സ്വപ്നങ്ങൾ തുടങ്ങി മഴ ജീവിതാനുഭവങ്ങൾ എല്ലാം-ലേഖനം, ഓർമ്മ അനുഭവം, പഠനം, സിനിമ, ഫോട്ടോകൾ, ചിത്രീകരണം-സമാഹരിച്ച കേരളീയം പ്രത്യേക പതിപ്പിലേക്ക് കുറിപ്പുകൾ അയക്കുക. തെരഞ്ഞെടുക്കുന്നവയ്ക്ക് അനുയോജ്യ പ്രതിഫലം നൽകുന്നതു കൂടാതെ വ്യാപകമായ ശ്രദ്ധയും ലഭിക്കും. എഴുതുക : ഗസ്റ്റ് എഡിറ്റർ, മഴപ്പതിപ്പ്, C/o കേരളീയം, കൊക്കാലെ, തൃശൂർ-21

## കേരളീയം സെക്സ്

മലയാളിയുടെ ലൈംഗികത, ദാമ്പത്യം, കുടുംബ ബന്ധം-സങ്കൽപ്പവും യാഥാർത്ഥ്യവും ഇവയിലൂന്നിയ ഒരു കേരള പഠനം പ്രത്യേക പതിപ്പായി 'കേരളീയം' പ്രസിദ്ധീകരിക്കാൻ ഉദ്ദേശിയ്ക്കുന്നു. ആയതിലേയ്ക്ക് പഠന-നിരീക്ഷണങ്ങൾ, റിപ്പോർട്ടുകൾ/ഫീച്ചറുകൾ, വിശകലനം, അനുഭവം-യഥാർത്ഥ വിവരങ്ങൾ തയ്യാറാക്കി എഴുതാൻ പറ്റുന്നവരിൽ നിന്ന് കുറിപ്പുകൾ പ്രതീക്ഷിക്കുന്നു. എഴുതുക. ഗസ്റ്റ് എഡിറ്റർ, കേരളീയം കുടുംബം, C/o കേരളീയം, തൃശൂർ - 21